## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### ഐ. എ. വൈ. ഭവന നിർമ്മാണം - ന്യൂനപക്ഷ വിഹിതം വെട്ടിക്കുറയ്ക്കൽ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4681

05.02.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഐ. എ. വൈ. ഭവന നിർമ്മാണ പദ്ധതിയിൽ കേന്ദ്രനിർദ്ദേശത്തിന് വിരുദ്ധമായി ന്യൂനപക്ഷ വിഹിതം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇന്ദിരാ ആവാസ് യോജനയുടെ 2013-ലെ കേന്ദ്ര മാനദണ്ഡ പ്രകാരം ന്യൂനപക്ഷ വിഹിതം കേന്ദ്രം വർദ്ധിപ്പിക്കുകയോ സംസ്ഥാന സർക്കാർ വെട്ടിക്കുറയ്ക്കുകയോ ചെയ്തിട്ടില്ല. |
| (ബി) | കേന്ദ്ര നിർദ്ദേശ പ്രകാരം കേരളത്തിലെ ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുമായിരുന്ന വീടുകളുടെ എണ്ണം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | 2013-14 വർഷത്തെ ഭൗതീക ലക്ഷ്യത്തിന്റെ 15 ശതമാനം വരുന്ന 6,860 വീടുകളാണ് ന്യൂനപക്ഷ വിഭാഗത്തിനായി നീക്കി വച്ചിട്ടുള്ളത്. |
| (സി) | സർക്കാർ തീരുമാന പ്രകാരം ന്യൂനപക്ഷങ്ങൾക്ക് ലഭ്യമാകുന്ന വീടുകളുടെ എണ്ണം എത്രയാണ്; | (സി) | 6,860 വീടുകളാണ് ഭൗതീക ലക്ഷ്യമായി നിശ്ചയിച്ചിരുന്നതെങ്കിലും നാളിതുവരെ 6,883 പേർ കരാർ വച്ച് വീടുപണി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ന്യൂനപക്ഷ വിഹിതം വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ന്യൂനപക്ഷ സംഘടനകളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; | (ഡി) | ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഇ) | ന്യൂനപക്ഷ വിഹിതത്തെ സംബന്ധിച്ച് ഇന്ദിരാ ആവാസ് യോജനയുടെ കേന്ദ്ര മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ലാത്തതിനാൽ നടപടി ആവശ്യമില്ല |

| | | | |
|---|---|---|---|
| (എഫ്) | ഇതു സംബന്ധിച്ച് നിയമസഭയുടെ പിന്നോക്ക സമുദായക്ഷേമ സമിതിയുടെ നിർദ്ദേശം സർക്കാരിൽ ലഭിച്ചിട്ടുണ്ടോ? | (എഫ്) | ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ